# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7040 2.11.2011 - ൽ മറുപടിക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ് :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി).** |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ആയിരംതെങ്ങ്, തെക്കുംപാട് കടവ് പാലത്തിന്റെയും മാട്ടൂൽ - മടക്കര പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (എ) ആയിരംതെങ്ങ്, തെക്കുംപാട് കടവ് പാതയിലെ പ്രവൃത്തി പൂർത്തീകരിച്ച് ഇതിനോടകം തന്നെ ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. മാട്ടൂൽ - മടക്കര പാലത്തിന്റെ 14 സ്പാനിൽ 5 സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. |
| (ബി) ഈ പാലങ്ങളുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടും പാലം നിർമ്മാണത്തിനായി പുഴ നികത്തിയ മണ്ണ് നീക്കം ചെയ്യാത്തതിനാൽ ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി പ്രശ്നവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പുഴ നികത്തിയ മണ്ണ് മാറ്റാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഉണ്ട്. മാട്ടൂൽ - മടക്കര പാലത്തിന്റെ നിർമ്മാണം പൂർത്തിയായ ശേഷം പുഴ നികത്തിയ മണ്ണ് മാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട ഇരിണാവ് - മടക്കര പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ ? | (സി) | ഇരിണാവ് പാലത്തിന്റെ നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി, ടെണ്ടർ എന്നീ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ